# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2675 — 17.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരഗ്രാമം പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എ) മിൽക്ക്ഷെഡ് വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം (ഒരു പശു യൂണിറ്റ്) | 33,000 |
| 2 | രണ്ടു പശു യൂണിറ്റ് | 66,000 |
| 3 | അഞ്ച് പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 10 | ധാതുലവണ മിശ്രിത വിതരണം | 100 |

| | | |
|---|---|---|
| (ബി) | കൊല്ലം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അതുവഴി കൈവരിക്കാൻ സാധിച്ച നേട്ടങ്ങളും വിശദമാക്കുമോ? | (ബി) കൊല്ലം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പഞ്ചായത്ത് | വർഷം |
|---|---|---|
| 1 | ഏരൂർ | 2016-17 |
| 2 | ഇടമുളയ്ക്കൽ | 2017-18 |
| 3 | മേലില | 2018-19 |
| 4 | തൊടിയൂർ | 2018-19 |

ക്ഷീരഗ്രാമം പദ്ധതി അടക്കമുള്ള വിവിധ പദ്ധതികൾ കൊല്ലം ജില്ലയിൽ നടപ്പിലാക്കിയതിലൂടെ ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ശരാശരി 32507 ലിറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**